II ഇ.ബി. XII- കേരള നിയമസഭ/XVII-4

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

11(* 91) **കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) നൽകിയ മറുപടിയിൽ, കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ടിൽ സ്കൂൾ മാനേജുമെന്റ് കമ്മിറ്റി രൂപീകരണം, അയൽപക്ക വിദ്യാലയം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തൽ, സവിശേഷ കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസം, കൗൺസിലിംഗ്, സ്കൂൾ പ്രവർത്തി ദിവസം, മാതൃഭാഷാപഠനം, സ്കൂൾ സമയം, എ.ഇ.ഒ. ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ അംഗീകാരം, അദ്ധ്യാപകരുടെ യോഗ്യത എന്നീ കാര്യങ്ങളെ സംബന്ധിച്ച ശുപാർശകളാണ് ഉൾപ്പെട്ടിട്ടുള്ളത്. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട

എല്ലാവരുമായി വിവിധ തലങ്ങളിൽ ഇതിനോടകം ചർച്ചകൾ നടത്തിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥി സംഘടനകളുടെ അഭിപ്രായം കൂടി കണക്കിലെടുത്താണ് ഈ നിയമം നടപ്പാക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വശിക്ഷ അഭിയാൻ പദ്ധതിയിൽ 125,50,00,000 രൂപ കേന്ദ്ര പ്ലാൻ ഫണ്ടായി അംഗീകരിച്ചിട്ടുണ്ട്. കെ.ഇ.ആർ പരിഷ്കരണം സംബന്ധിച്ച സി.പി. നായർ കമ്മിറ്റി റിപ്പോർട്ടും ലിഡാ കമ്മീഷൻ റിപ്പോർട്ടും സംയോജിപ്പിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വനജ കൺവീനറും ശ്രീ. എൻ. ത്യാഗരാജൻ, ശ്രീ. ജോൺ ബ്രിട്ടോ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. ജെ. ശശി, ശ്രീ. എൻ. ശ്രീകുമാർ, ശ്രീ. സി. ഉസ്മാൻ എന്നിവർ അംഗങ്ങളുമായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ള പ്രീ-പ്രൈമറി, പ്രീ-സ്കൂൾ എന്നീ ആശയങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് വരികയാണെന്നും സംസ്ഥാനത്ത് 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും ആക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണെന്നും മന്ത്രി അറിയിച്ചു. പ്ലസ് ടൂ പഠന സൗകര്യം വ്യാപകമാക്കാനുള്ള നടപടികളുടെ ഒന്നാം ഘട്ടമായി തൃശ്ശൂർ മുതൽ വടക്കോട്ടുള്ള എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ പ്ലസ് വൺ, പ്ലസ് ടൂ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരെ സംരക്ഷിക്കാൻ ഒരു

ക്ഷേമ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ അഡ്മിഷന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമില്ലെന്നുള്ള കേന്ദ്ര നിയമത്തിലെ വ്യവസ്ഥ കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര നിയമത്തിൽ ആറ് വയസ്സ് തികഞ്ഞാൽ മാത്രമേ ഒന്നാം ക്ലാസിൽ ചേരാൻ സാധിക്കൂവെന്ന നിബന്ധനയുണ്ടെങ്കിലും അഞ്ച് വയസ്സ് കഴിഞ്ഞ കുട്ടികളെ ചേർക്കുന്നത് നിരോധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുറച്ച് പേർക്ക് ഇളവ് അനുവദിച്ചുകൊണ്ട് ഒന്നാം ക്ലാസിൽ ചേരാൻ അനുവദിക്കുമെന്നും കഴിഞ്ഞ വർഷം ഇൻഡ്യയിലെ 18 സംസ്ഥാനങ്ങളിലെ ഗവൺമെന്റ് സ്കൂളുകളിലെ പഠന നിലവാരം പരിശോധിച്ചതിൽ ശാസ്ത്രത്തിലും ഭാഷയിലും കേരളം മറ്റെല്ലാ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുമ്പിലാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12(* 92) **മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മലയാളത്തിന് ക്ലാസ്സിക്കൽ പദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രമുഖ സാഹിത്യകാരൻമാരെയും ഭാഷാ പണ്ഡിതൻമാരെയും ഉൾപ്പെടുത്തി 19.02.2009-ൽ രൂപീകരിച്ച സമിതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 29.04.2010-ൽ ചേർന്ന സമിതി യോഗ തീരുമാനപ്രകാരം 2010 മേയ് 5-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രത്യേക പ്രതിനിധി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച് മലയാളത്തിന്

ക്ലാസ്സിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന നിവേദനം സമർപ്പി ക്കുകയും കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിക്കു ന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനും ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനും വിദ്യാഭ്യാസ സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രി കൺവീനറും ഡോ. സുകുമാർ അഴീക്കോട്, പ്രൊഫസർ ഒ.എൻ.വി. കുറുപ്പ്, ശ്രീ. എം.ടി. വാസുദേവൻ നായർ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫസർ എം. ലീലാവതി, ശ്രീമതി സുഗതകുമാരി, ശ്രീമതി പി. വത്സല, ശ്രീ. എം.എൻ. കാരശ്ശേരി, പ്രൊഫസർ സ്കറിയ സക്കറിയ എന്നിവർ അംഗങ്ങളുമായി 06.07.2010-ൽ പ്രവർത്തക സമിതി രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിൽ ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വ ത്തിൽ ക്ലാസ്സിക് ഭാഷാ പദവിക്ക് മലയാളത്തിന്റെ അർഹത തെളിയിക്കുന്ന രേഖകളും വസ്തുതകളും ഉൾപ്പെടെ 769 പേജുകളുള്ള റിപ്പോർട്ടാണ് പ്രധാന മന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളത്. മലയാള ഭാഷയെയും സാഹിത്യത്തെയും ശക്തി പ്പെടുത്താനുള്ള നടപടികൾക്ക് രൂപം കൊടുക്കുന്നതിന് പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം പഠിപ്പിച്ചിരിക്കണമെന്ന ഡോ. ആർ.വി.ജി. മേനോൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കേരളത്തിന് പുറത്തുള്ള മലയാളികൾക്ക് മലയാളം പഠിക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും മലയാള ഭാഷയുടെ പുരോഗതിക്കായി ഒരു സർവ്വകലാശാലയുടെ സ്വാതന്ത്ര്യത്തോ

ടുകൂടിയുള്ള അന്തർ സർവ്വകലാശാലാ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*93) <u>ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രതിസന്ധി</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, ഖാദി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിക്കുകയും റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടു ത്തുതീർക്കുകയും ചെയ്തു. . 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയി രുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും പിന്നീട് ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവി ലുള്ള 10% റിബേറ്റിന് പുറമേ അധികമായി 10% റിബേറ്റ് കൂടി അനുവദി ക്കുകയും (ആകെ 20%) ഈ അധിക റിബേറ്റിനുവേണ്ടി 525 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു;

ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25%-വും 2009 മുതൽ 50%-വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസ മയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി;.

ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി;.

സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയും ആക്കി. ഇപ്പോൾ ഒരു വർദ്ധനവും കൂടി നൽകി ഇത് 500 രൂപയാക്കി;

ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009 -10 വർഷം 20 ലക്ഷം രൂപയും അനുവദിച്ചതിലൂടെ 19 ഖാദി സഹക രണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാര ണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-10 വർഷം 20 ലക്ഷം രൂപയും വകയി രുത്തുക വഴി 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടു ണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;.

ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു;

ഖാദി കൈത്തൊഴിലുകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10 വർഷം 400 ഖാദി കൈത്തൊഴിലുകാർക്ക് മേശയും സ്റ്റൂളും നൽകി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;

ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പൂട്ടർവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;

ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;

സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്ക്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്;

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ

തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്;

പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു;

തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു;

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്;

പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP pooled fund).

ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ ഫ്ളാഗ്ഷിപ്പ് പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി കമ്മീഷന്റെ സഹായത്തോടെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ധനകാര്യസ്ഥാപനങ്ങളുടെ (ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ) സാമ്പത്തിക സഹായത്തോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഗ്രാമ

വ്യവസായ യൂണിറ്റുകൾ (ഖാദി ഒഴികെയുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾ) ആരംഭിച്ച് ഉല്പാദന പ്രവർത്തനം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംരംഭകർക്ക് പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായി ഖാദി ബോർഡിൽ നിന്ന് ലഭിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ, സംരംഭകർക്ക് മുതൽമുടക്കിന്റെ 95% വരെ വായ്പ നൽകുന്നതാണ്. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഖാദി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം കാര്യക്ഷമവും വിപുലവുമാക്കിയിട്ടുണ്ട്. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനുവേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കുകയും തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൻകീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. തേനീച്ച കർഷകരിൽ നിന്നും തേൻ ശേഖരിച്ച് പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ഒരു തേൻ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞുവെന്നും മിനിമം കൂലി

നിശ്ചയിക്കുന്നത് സംബന്ധിച്ച് ഖാദി ബോർഡും മറ്റ് ഇതര സ്ഥാപനങ്ങളുമായും കൂടിയാലോചന നടത്തി വരികയാണെന്നും മന്ത്രി വ്യക്തമാക്കി.

14(*94) <u>വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ രണ്ട് മേഖലകളിലായി രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാർ, 8 ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, റെയ്ഞ്ച് ഓഫീസർമാർ, ഫോറസ്റ്റർമാർ, ഫോറസ്റ്റ് ഗാർഡുകൾ എന്നിവരടങ്ങുന്ന 18 ഫ്ളൈയിംഗ് സ്ക്വാഡുകളും ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഒരു റെയിഞ്ച് ഓഫീസറും 4 ഫോറസ്റ്റ് ഗാർഡും ഉൾപ്പെടെയുള്ള ഒരു ഇന്റലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വനം വകുപ്പിലെ 65 ജീവനക്കാർക്ക് പോലീസ് വിഭാഗം വഴി പ്രത്യേക രഹസ്യാന്വേഷണ പരിശീലനം നൽകിയിട്ടുണ്ട്. 4 പുതിയ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ കൂടി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള ആയുധങ്ങളുടെ ലഭ്യതയും വാർത്താ വിനിമയ സംവിധാനങ്ങളും വാഹന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ, വനാന്തരങ്ങളിലെ ആന്റി പോച്ചിംഗ് ക്യാമ്പുകൾ, വനമേഖലകളിലെ നിരന്തരമായ പരിശോധന, റോഡിലെ പട്രോളിംഗ്, വനസംരക്ഷണസമിതികളുടെ പ്രവർത്തനങ്ങൾ, ശക്തമായ

പ്രോസിക്യൂഷൻ നടപടികൾ എന്നിവ വഴി ചന്ദന മോഷണം, മറ്റ് വനോൽപ്പന്നങ്ങളുടെ മോഷണം, വന്യജീവി വേട്ട എന്നിവ ഫലപ്രദമായി തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലും ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ ചെന്നൈ റീജിയണൽ ഓഫീസിനു കീഴിലുള്ള കൊച്ചിയിലെ സബ് റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിജിലൻസ് വിഭാഗം കൺസർവേറ്റർമാരുടെയും ടെറിട്ടോറിയൽ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും നേതൃത്വത്തിൽ വനത്തിനുള്ളിലും അന്തർ സംസ്ഥാന വനാതിർത്തികളിലും ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് ഡിവിഷണൽ ജീവനക്കാരുടെ സഹകരണത്തോടെ വനത്തിനുള്ളിൽ ക്യാമ്പ് ചെയ്തും പരിശോധന നടത്തിയതിലുമൂടെ കഞ്ചാവ് കൃഷിയും വ്യാജ വാറ്റും ഫലപ്രദമായി തടയുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 690 മുതൽ 963 വരെയുള്ള ചോദ്യങ്ങളിൽ 60 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)